## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3326

14.10.2011-ൽ മറുപടിക്ക്.

### തിരുവനന്തപുരം-മംഗലപുരം അതിവേഗ റെയിൽ പാത

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. ദിവാകരൻ :<br>ശ്രീ. ഇ.കെ. വിജയൻ :<br>ശ്രീമതി. ഗീതാ ഗോപി :<br>ശ്രീ. ഇ. ചന്ദ്രശേഖരൻ : | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി) |
| (എ) തിരുവനന്തപുരം-മംഗലപുരം അതിവേഗ റെയിൽ പാതയ്ക്കു-വേണ്ടി എത്ര കോടി രൂപയുടെ മുതൽ മുടക്കാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | (എ) ഉദ്ദേശം 77,000 കോടി രൂപയുടെ മുതൽ മുടക്കാണ് പ്രതീക്ഷിക്കുന്നത്. |
| (ബി) പ്രസ്തുത പദ്ധതി നടത്തിപ്പിന്റെ ചുമതല ആർക്കാണ് ; ഇതിനായി കമ്പനി രജിസ്റ്റർ ചെയ്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ പ്രസ്തുത കമ്പനി ഏതാണെന്ന് വെളിപ്പെടുത്തുമോ ; | (ബി) കേരള ഹൈ സ്പീഡ് റെയിൽ കോർപ്പറേഷൻ ലിമിറ്റഡ് എന്ന പബ്ലിക് ലിമിറ്റഡ് കമ്പനിയ്ക്കാണ് പദ്ധതിയുടെ നടത്തിപ്പിന്റെ ചുമതല. കമ്പനി രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രസ്തുത കമ്പനി കേരള ഹൈ സ്പീഡ് റെയിൽ കോർപ്പറേഷൻ ലിമിറ്റഡ് എന്ന പബ്ലിക് ലിമിറ്റഡ് കമ്പനിയാണ്. |
| (സി) പ്രസ്തുത പദ്ധതിക്കായുള്ള സ്ഥലം ഏറ്റെടുക്കൽ, നടപ്പാക്കൽ എന്നിവ സംബന്ധിച്ച് എന്തെല്ലാം ശുപാർശകളാണ് പഠന റിപ്പോർട്ടിലു-ള്ളതെന്ന് വിശദമാക്കുമോ ; | (സി) സ്വകാര്യ ഭൂമിയും, സർക്കാർ ഭൂമിയും, റെയിൽവേയുടെ ഭൂമിയും തുടങ്ങിയവ ഉൾപ്പെടെ ഏകദേശം 675 ഏക്കർ ഭൂമി ആവശ്യമായി വരുമെന്നാണ് പദ്ധതി-യുടെ ഒന്നാം ഘട്ട (തിരുവനന്തപുരം മുതൽ എറണാകുളം വരെയുള്ള) പഠന റിപ്പോർട്ടിൽ ശുപാർശ ചെയ്തിട്ടുള്ളത്. |
| (ഡി) പ്രസ്തുത പദ്ധതി എത്ര സമയം കൊണ്ട് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ? | (ഡി) ഏകദേശം 8 വർഷം കൊണ്ട് പൂർത്തിയാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

സെക്ഷൻ ഓഫീസർ